3

# ശമുവേൽ

## ഒരു സമർപ്പണ ചിത്രീകരണം

കൊലേഷ്യയിലുള്ള ആളുകൾ റോമാക്കാർക്ക് നിരുപാധികമായി കീഴടങ്ങുന്നതിനെ പറ്റി ഒരുചർച്ച ചെയ്തുകൊണ്ടിരുന്നപ്പോൾ, റോമാക്കാരുടെ ഭാഗത്തുനിന്നു, എഗേരിയസ്, സ്ഥാനാപതികളോടു ചോദിച്ചു, "കൊലേഷ്യക്കാർ അവരുടേതായ ശക്തിയിൽ തന്നെയാണോ?" ഉറച്ച ഒരു ഉത്തരം ലഭിച്ചപ്പോൾ, അയാൾ അടുത്തതായി ചോദിച്ചു, "നിങ്ങൾ നിങ്ങളെയും, നിങ്ങളുടെ ക്ഷേത്രങ്ങളെയും, നിങ്ങളുടെ പാത്രങ്ങളെയും, എല്ലാ വസ്തുക്കളെയും, എന്റേയും റോമാ സൈന്യത്തിന്റേയും കയ്യിൽ ഏല്പിക്കുമോ?" അവർ മറുപടി പറഞ്ഞു, "ഞങ്ങൾ എല്ലാം കീഴടങ്ങുന്നു." അയാൾ പറഞ്ഞു, "ഞാൻ നിങ്ങളെ അംഗീകരിക്കുന്നു." ഈ ചിത്രീകരണം നമ്മെ പഴയനിയമത്തിൽ മുഴുവനായും സമർപ്പിക്കപ്പെട്ട - ശമുവേലിനെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധി, ആശ്രയം, നീതി എന്നിവയിൽ വിട്ടുവീഴ്ച്ചയില്ലാത്തതായിരുന്നു ശമുവേലിന്റെ ജീവിതം എന്നു കാണാം. ശൈശവപ്രായം മുതൽ മരണം വരെ അവനിൽ ഉന്നതമായ ഒരു ലക്ഷ്യം ഉണ്ടായിരുന്നു. അവന്റെ ജീവിതത്തിൽ വ്യാജമായതോ, വിഷയലമ്പടത്വമുള്ളതോ അധാർമ്മികമായതോ ആയ പ്രവൃത്തികൾ ഒന്നുമില്ലായിരുന്നു. അവൻ തന്റെ പൊതുജീവിതത്തിൽ നിന്നു വിരമിച്ചപ്പോൾ, ഇന്നത്തെ ആളുകളാരും ചെയ്യുവാൻ മുതിരാത്ത ഒരു കാര്യം ചെയ്തു - താൻ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടോ എന്നു പറയുവാൻ യിസ്രായേലിനോട് അവൻ ആവശ്യപ്പെട്ടു! (12:2, 3). ഉത്തരം നിശബ്ദതയായിരുന്നു! ശമുവേലിന്റെ ചരിത്രത്തിൽ കറ പുരണ്ട ഒരു സംഭവവുമുണ്ടായിരുന്നില്ല.

ശമുവേലിന്റെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്നതും സേവനത്തോടുള്ള അവന്റെ മനോഭാവത്തെ വിശദീകരിക്കുന്നതും അവന്റെ *സമർപ്പണം* ആയിരുന്നു. അവൻ ഹന്നയുടെ ഉദരത്തിൽ ജന്മം കൊണ്ട നാൾ മുതൽ അവന്റെ അവസാന ശ്വാസംവരെ, അവൻ ദൈവത്തിനു സമർപ്പിക്കപ്പെട്ടവനായിരുന്നു. വാക്കിലും പ്രവൃത്തിയിലും സമർപ്പിക്കപ്പെടണം എന്നാഗ്രഹിക്കുന്നവർക്ക് ഈ സമർപ്പണ മാതൃക ഒരു ഇടിവെട്ടു വെല്ലുവിളിയാണ് ഉയർത്തുന്നത്.

## യുവാക്കളോട്: സമർപ്പണ തൽപരതയുടെ വെല്ലുവിളി
## (2:11, 18-21; 3:1-21)

ശമുവേലിന്റെ ആദ്യകാലങ്ങൾ രണ്ടു സ്ഥലങ്ങളിലായിട്ടായിരുന്നു ചെലവഴിച്ചത്. ആദ്യം, അവൻ അമ്മയപ്പന്മാരോടുകൂടെ രാമയിലായിരുന്നു. ഒരുപക്ഷെ അവന്റെ ആദ്യത്തെ മൂന്നു വർഷം അവൻ അവിടെ താമസിച്ചിരിക്കാം. വീട്ടിൽ നിന്നു അവനു മാതൃകകൾ, പ്രാർത്ഥനകൾ, സ്നേഹനിർദ്ദേശങ്ങൾ എന്നിവയാൽ സ്ഥിരവും അഗാധവുമായ മതി പ്പുകൾ ലഭിച്ചു. അവനെ തിന്മയിൽനിന്നു നന്മയിലേക്കു കടത്തിവിട്ടത് ആ മതിപ്പായിരുന്നു. ഈ പ്രാരംഭ വർഷങ്ങളിൽ നിന്നും, താൻ ദൈവത്തിന്നു സമർപ്പിക്കപ്പെട്ടവനായിരുന്നു എന്ന് ശമുവേൽ മനസിലാക്കി. സമർപ്പണം എന്ന ആശയം മനസിലാക്കുവാൻ അവനു പ്രയാസമില്ലായിരുന്നു കാരണം മാതൃകയാലും ഉപദേശത്താലും അവന്റെ അമ്മയപ്പന്മാർ അത് അവനോട് വിവരിച്ചിരുന്നു.

ശീലോവിലെ സമാഗമനകൂടാരം അവന്റെ ബാല്യകാലം ചെലവഴിച്ച രണ്ടാമത്തെ സ്ഥലമായിരുന്നു. ശീലോവിൽ വെച്ച്, യിസ്രായേലിന്റെ എല്ലാ ആരാധനകളിലും ശമുവേൽ ബന്ധപ്പെട്ടിരുന്നു. ആ വിശുദ്ധപരിശീലനങ്ങൾ ക്രമേണ, അവന്റെ പിന്നീടുള്ള ജീവിതത്തിൽ ഇളകാത്ത, ഉറച്ച സേവനം നടത്തുവാൻ അവനെ പ്രാപ്തനാക്കി.

ശമുവേലിന്റെ യുവത്വത്തിലെ സമർപ്പണ താൽപര്യം താഴെ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ നിന്നു വ്യക്തമാകുന്നു. ദുഷിച്ച സ്വാധീനങ്ങളുണ്ടായിരുന്നിട്ടും ദൈവത്തോടു സത്യസന്ധത പുലർത്തിയ യുവാവായിരുന്നു അവൻ. ശമുവേലിന്റെ വയസ്സിനെ സൂചിപ്പിക്കുന്നതിൽ നിന്നു അവനു അപ്പോൾ പതിനഞ്ചു വയസ്സേ ഉണ്ടായിരുന്നുള്ളൂ എന്ന് വ്യക്തമാകുന്നു (2:18; 3:1). ആ പ്രായം അമ്പരപ്പും, മൽസരവും, സമ്മർദ്ദവും, ക്ലേശവും, തിരിച്ചറിയലും പലപ്പോഴും ഉണ്ടാവുന്നതും എളുപ്പത്തിൽ “ജനക്കൂട്ടത്തിന്റെ ഒഴുക്കിൽ” പെട്ടു നീങ്ങുവാൻ സാധ്യതയുള്ള പ്രായവുമായിരുന്നു. ശമുവേൽ അവയെ എല്ലാം അതിജീവിച്ചു ദൈവത്തോടുള്ള സമർപ്പണത്തിൽ തന്നെ ഉറച്ചുനിന്നു. ശമുവേലിനെ ഏറ്റവും അപകടകരമായ സ്വാധീനം ചെലുത്തുവാൻ കഴിവുണ്ടായിരുന്നവരിൽ ഏലിയുടെ മക്കളും ഉണ്ടായിരുന്നു. ഹോഫ്നിയും ഫിനെഹാസും അവരുടെ ദുഷ്പ്രവൃത്തിയിൽ ചേരുവാൻ ശമുവേലിനെ പ്രേരിപ്പിച്ചിരിക്കും എന്നതിൽ സംശയമില്ല, പക്ഷെ ശമുവേൽ കുലുങ്ങിയില്ല. അവരുടെ ദൈവത്തോടുള്ള അവജ്ഞ, ഉദാസീനത, മൽസരം എന്നിവയോടു അവനും ചേരാമായിരുന്നു, പക്ഷെ അവൻ ചേർന്നില്ല. ആ മുതിർന്ന രണ്ടു ആൺകുട്ടികളുടെ ഭോഗാസക്തി കണ്ടു ശമുവേലിനും പരീക്ഷിക്കപ്പെടാമായിരുന്നു, പക്ഷെ അവൻ ദൈവത്തോടു സമർപ്പിക്കപ്പെട്ടു തന്നെ ജീവിച്ചു. ദുഷിച്ച സ്വാധീനങ്ങളുണ്ടായിരുന്നിട്ടും, ശമുവേൽ ധാർമ്മികമായും ആത്മികമായും ശക്തി പ്രാപിച്ചു (2:21; ലൂക്കൊസ് 1:80). ഹൊഫ്നിയുടെയും ഫിനെഹാസിന്റേയും ശമുവേലിന്റേയും മനോഭാവത്തിലെ വ്യത്യാസം താരതമ്യപ്പെടുത്തി നോക്കുക. ഒരുപക്ഷെ അവർ ഒരേ പ്രായക്കാർ ആയിരുന്നേക്കാം, എന്നാൽ അവർ പ്രകടമായ വ്യത്യാസം ഉള്ളവരായിരുന്നു! (2:12, 18; 2:25, 26; 3:13, 19, 20). ഇതിനുള്ള വിശദീകരണം എന്താണ്? യുവത്വത്തിൽ പോലും ശമുവേൽ ദൈവത്തിനു സമർപ്പിക്കപ്പെട്ടിരുന്നു! ദൈവത്തെ താല്പര്യത്തോടെ ശ്രദ്ധിച്ചിരുന്ന യുവാവായിരുന്നു ശമുവേൽ (3:10). ശമുവേലിന്റെ ജീവിതത്തെ ഒറ്റ – വാക്യത്തിൽ ചുരുക്കി പറയുന്നത് നിങ്ങൾക്കു

കാണണമെങ്കിൽ, അതു 3:10 ആണ്. അവന്റെ യുവത്വത്തിലെ പ്രത്യയവാക്ക് "അനുസരിക്കുക" എന്നതായിരുന്നു. അവനു ദൈവത്തോടു ഉയർന്ന ബഹുമാനമാണുണ്ടായിരുന്നത്. "ശ്രദ്ധിക്കൽ" എന്ന വാക്കു സൂചിപ്പിക്കുന്നത്, ഉടനെ അനുസരിക്കുവാൻ തയ്യാറായി നില്ക്കുന്ന ഒരാളെ കുറിച്ചാണ്. യുവാക്കളേ, ഈ വാക്ക് നിങ്ങളെ അല്ലേ ഉദ്ദേശിക്കുന്നത്? നിങ്ങൾ ദൈവത്തിനു സമർപ്പിക്കപ്പെടുകയാണെങ്കിൽ, അവന്റെ കൽപന നിങ്ങൾ കേൾക്കുമ്പോൾ അനുസരിക്കുവാൻ മടിക്കുകയില്ല, എന്നാൽ അതു ചെയ്യുന്നത് മനസോടെയായിരിക്കും (സഭാപ്രസംഗി 12:1, 6).

എല്ലാംകൊണ്ടും ബഹുമാനിക്കപ്പെട്ട യുവാവായിരുന്നു ശമുവേൽ (2:26; 3:21; 4:1). ഉത്തരവാദിത്വങ്ങൾ സ്വീകരിച്ച യുവാവായിരുന്നു അവൻ (3:15). സമാഗമനകൂടാരത്തിന്റെ വാതിൽ തുറക്കുന്ന ജോലി വളരെ പ്രധാനപ്പെട്ടതായിരുന്നു. അവന്റെ ഉത്തരവാദിത്വ മനോഭാവം നിമിത്തം, അവന്റെ മതിപ്പു വളർന്നു ദൈവപുരുഷനായി തീർന്നു. യുവാക്കളായ ആളുകൾ, ഈ വെല്ലുവിളി സ്വീകരിച്ച് ഇത്തരത്തിൽ ഉത്തരവാദിത്വങ്ങൾ കൈകാര്യം ചെയ്താൽ ആളുകൾ അവരെ ബഹുമാനിക്കും (ഒത്ത്. വാ. സദൃശവാക്യങ്ങൾ 3:1, 4; 1 തിമൊഥെയൊസ് 4:12, 15; 5:22).

ശമുവേലിന്റെ ജീവിതം രാമയിൽ തുടങ്ങുകയും പിന്നീട് ശീലോവിലേക്കു നീങ്ങുകയും ചെയ്തു. അവന്റെ ബാല്യകാലവും യൗവ്വനകാലവും ശീലോവിലെ ശുശ്രൂഷക്കായി ചെലവഴിച്ചു. അവൻ ഒരു പുരുഷനായി തീർന്നപ്പോൾ, അവന്റെ സ്ഥാനം സുരക്ഷിതമായി (3:19-4:1). ശീലോവിലെ ആദ്യ ദർശനവും, യിസ്രായേലിന്റെ മുൻപിൽ വെച്ചു അവൻ ആവർത്തിച്ചുറപ്പിച്ച വാക്കുകളും, അവന്റെ ഉത്തരവാദിത്വത്തോടെയുള്ള പെരുമാറ്റരീതിയും പ്രായപൂർത്തിയായപ്പോൾ ബഹുമാനവും ധൈര്യവും ആർജിക്കുവാൻ സഹായകമായി.

### പ്രായപൂർത്തിയായവർക്ക്:
### പതറാത്ത സമർപ്പണത്തിന്റെ വെല്ലുവിളി
### (7:1-17)

ദൈവത്തിന്റെ പ്രവാചകനായി അവൻ നിയമിക്കപ്പെട്ട ശേഷം, ശമുവേൽ ശീലോവിലേക്കു പോയി. നിയമപെട്ടകം പിടിച്ചെടുക്കപ്പെട്ടതുകൊണ്ട് (4:11) ശീലോവ് ഫെലിസ്ത്യരോടു പരാജയപ്പെട്ടു (സങ്കീർത്തനങ്ങൾ 78:60 മുതൽ). ഫെലിസ്ത്യരുടെ എതിർപ്പിൽ യിസ്രായേൽ വളരെ വിഷമിച്ചിരുന്നു. രാമയിലെ ശമുവേലിന്റെ സാന്നിധ്യം പല രീതിയിൽ വ്യക്തമായിരുന്നു. ചിലർ വിചാരിക്കുന്നത് അവൻ എല്ക്കാനയിൽ നിന്നു പാരമ്പര്യവസ്തു കൈവശമാക്കി എന്നാണ്. വേറെ ചിലർ കരുതുന്നത് ശീലോവിലെ ആരാധന ഹൊഫ്നിയും ഫിനെഹാസും ചേർന്നു മലിനമാക്കിക്കൊണ്ടിരുന്നതുകൊണ്ടാണ് അവൻ അവിടേക്കു പോയത് എന്നാണ്. എന്നാൽ രാമ ശമുവേലിന്റെ തലസ്ഥാനമായി തീർന്നു.

രാമയിൽ നിന്നു, ശമുവേൽ ഇരുപതു വർഷം യിസ്രായേലിൽ സഞ്ചരിച്ചുകൊണ്ട് അവരോടു മാനസാന്തരപ്പെടുവാൻ അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. ശമുവേലിന്റെ ആ അഭ്യർത്ഥനയെ ചുരുക്കി പറയുന്നതാണ് 7:3-ലെ വാക്കുകൾ. ഇരുപതുവർഷത്തെ പ്രസംഗശേഷം, ശമുവേൽ യിസ്രായേൽ ജനത്തെ മിസ്പയിൽ കൂട്ടിവരുത്തി ദേശത്തോടു യഹോവയിലേക്കു മടങ്ങിവരുവാൻ

അപേക്ഷിച്ചു. മിസ്പയിലെ ആ യോഗം വെളിപ്പെടുത്തുന്നത് പ്രായപൂർത്തിയായ ശമുവേലിന്റെ പതറാത്ത സമർപ്പണമാണ്.

ശമുവേലിന്റെ ജീവചരിത്രം പഠിക്കുമ്പോൾ, സമർപ്പിക്കപ്പെടുന്നതിൽ പ്രായപൂർത്തിയായവർക്ക് വെല്ലുവിളി നൽകുന്നതാണ് താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ.

പൂർണ്ണഹൃദയത്തോടെ മാനസാന്തരപ്പെടുവാൻ പറയുന്നതിനു അവൻ ഭയപ്പെട്ടിരുന്നില്ല (7:3). അകൃത്യത്തെ അവൻ ശാസിക്കയും ജാതികളുടെ പരിശീലനത്തിൽ നിന്നു പൂർണ്ണമായി വേർപെട്ടിരിപ്പാൻ യിസ്രായേലിനോടു ആവശ്യപ്പെടുകയും ചെയ്തു; യിസ്രായേൽ അവളുടെ പാപത്തിന്റെ കാഠിന്യത്തെ തിരിച്ചറിയണമെന്നും ദൈവത്തിൽ ആശ്രയിക്കേണ്ട ആവശ്യകതയെ മനസിലാക്കണമെന്നും ശമുവേൽ ആഗ്രഹിച്ചു. ശമുവേൽ പാപത്തെ ആക്ഷേപിക്കയും അതിനെ ഒരിക്കലും നിസാരമായി കണ്ടതുമില്ല. പൂർണ്ണമായ മാനസാന്തരത്തിനാണ് അവൻ ശക്തമായി ശഠിച്ചത്! ദൈവവുമായി നിരപ്പു പ്രാപിക്കുവാനും അവൻ യിസ്രായേലിനോടു ആവശ്യപ്പെട്ടു (7:5). നീതി നടപ്പാക്കേണ്ടതിനു എന്തും ചെയ്യുവാൻ അവൻ തയ്യാറായിരുന്നു. അവൻ യിസ്രായേലിനോട് അപേക്ഷിക്കുകയും, യാചിക്കുകയും, അവരോടു വാദിക്കുകയും ചെയ്തു.

അടുത്തത്, അവനെ ഉയർന്ന സ്ഥാനത്ത് ആക്കിയിരുന്നു (7:6). അവന്റെ സ്വാധീനത്താൽ ശമുവേൽ യിസ്രായേലിനെ യോജിച്ചു നില്ക്കുവാൻ പ്രേരിപ്പിച്ചു. ദേശം അവളുടെ പാപങ്ങളെല്ലാം ഏറ്റു പറഞ്ഞു മൽസരം ഉപേക്ഷിച്ചു ദൈവത്തിലേക്കു തിരിഞ്ഞു. ഇപ്പോഴായിരുന്നു ശമുവേലിനെ യിസ്രായേലിന്റെ “ന്യായാധിപനായി” നിയമിച്ചത്.

അവൻ നേതൃത്വം കൊടുത്തു (7:8). യിസ്രായേലിന്നു സഹായം ആവശ്യമായി വന്നപ്പോൾ, തങ്ങളെ നയിക്കുവാൻ കഴിയുന്നവനിലേക്കു അവൾ തിരിഞ്ഞു. ശമുവേലിന്റെ ജീവിതവും, മാതൃകയും, ഉപദേശവും ഒത്തു ചേർന്നു അവനെ ഒരു വലിയ നായകനാകാൻ യോഗ്യനാക്കി.

ശമുവേലിന്നു പ്രാർത്ഥനയാൽ ആശ്വാസം ലഭിച്ചു (7:9). ശമുവേലിന്റെ പ്രാർത്ഥനയുടെ ശക്തി യിസ്രായേൽ മുഴുവനും അറിഞ്ഞു. ശമുവേലിന്റെ പ്രാർത്ഥനയിൽ ആളുകൾ വിശ്വസിച്ചു. ശമുവേലിന്റെ അപേക്ഷകൾ ദൈവം കേട്ടു മറുപടി നല്കി. സങ്കീർത്തനങ്ങൾ 99:6 നോക്കിയാൽ ശമുവേൽ പ്രാർത്ഥിച്ചവരിൽ മുഖ്യസ്ഥാനത്തു വരുവാനുള്ള കാരണം വ്യക്തമാകും. ശമുവേൽ യിസ്രായേലിന്നു വേണ്ടി ഉപയോഗിച്ച പ്രാർത്ഥനാ-ശക്തി യിരെമ്യാവു 15:1-ൽ സൂചിപ്പിക്കുന്നുണ്ട്. ശമുവേലിന്റെ പ്രാർത്ഥന നിമിത്തമാണ് യിസ്രായേൽ യുദ്ധത്തിൽ ജയിച്ചതും വിടുവിക്കപ്പെട്ടതെന്നും എല്ലാ യിസ്രായേല്യരും തിരിച്ചറിഞ്ഞിരുന്നു (7:8; 8:6). ശമുവേൽ ഒരു സൈന്യാധിപനോ, ഒരു പടയാളിയോ, മിലിട്ടറി നയതന്ത്രജ്ഞനോ ആയിരുന്നില്ല. അവന്നു ആയുധങ്ങളും നല്കുവാൻ കഴിഞ്ഞില്ല, പക്ഷെ പ്രാർത്ഥിക്കുവാൻ മാത്രം കഴിഞ്ഞു. അതുകൊണ്ടാണ് അവർ യുദ്ധത്തിൽ ജയിച്ചത്! (7:10, 11).

ദൈവത്തിൽ ആശ്രയിക്കുവാൻ അവൻ യിസ്രായേലിനെ നിരന്തരമായി ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു (7:12). യിസ്രായേൽ നിലനില്ക്കുന്നതു ദൈവശക്തികൊണ്ടാണെന്നു അവൻ എല്ലായ്പ്പോഴും ഊന്നി പറഞ്ഞിരുന്നു!

സമാധാനത്തിനും, യോജിപ്പിനും, അനുഗ്രഹത്തിനും ശമുവേൽ കാരണമായി (7:13, 14). അവന്റെ ഉപദേശങ്ങൾ കാരണം, വിഭജിക്കപ്പെട്ട ദേശം

അവരുടെ വംശീയ അസൂയ നീക്കുകയും ഒന്നായിതീരുകയും ചെയ്തു. അവൻ അങ്ങനെ യിസ്രായേലിന്റെ "ഏകീകൃത രാജ്യത്തിനു" വഴിയൊരുക്കി.

അവസാനം, അവൻ ദൈവേഷ്ടം പഠിപ്പിക്കയുമുണ്ടായി (7:16). യിസ്രായേൽ ദൈവത്തോടു സത്യസന്ധരായിരിപ്പാൻ, അവൾ ദൈവവചനം അറിയേണ്ടതുണ്ടെന്നു അവൻ മനസിലാക്കി. ശമുവേൽ വ്യക്തിപരമായി "പ്രവാചകന്മാരുടെ സ്കൂളുകൾ" തുടങ്ങി അതു പിന്നീട് യിസ്രായേലിനെ കൂടുതൽ ഉപദേശിക്കുവാൻ സഹായിച്ചു (19:3–5, 23, 24; 2 രാജാക്കന്മാർ 2).

അങ്ങനെ, യുവത്വത്തിലെ ഉൽസാഹവും വീര്യവും കുറഞ്ഞെങ്കിലും, പ്രായപൂർത്തിയായപ്പോഴും അവന്റെ സമർപ്പണം ശക്തമായി ത്തന്നെ തുടർന്നിരുന്നു. അനവധി പരീക്ഷണങ്ങൾ നേരിട്ടതുകൊണ്ട്, അവനു കഠിനപ്പെട്ടു പോകാമായിരുന്നു. യിസ്രായേലിനെ മിസ്പയിലെത്തിക്കുവാൻ ഇരുപതു വർഷം അവൻ ഉപദേശിച്ചു. എന്നാൽ ശമുവേൽ "പതറിയില്ല." ഭയവും, സമ്മർദ്ദവും, പാപവും കൊണ്ട് വിഷമിക്കുന്ന പ്രായപൂർത്തിയായവർ ശമുവേലിനെ നോക്കി അവനെ പോലെ ആകാൻ ശ്രമിക്കണം. പ്രായപൂർത്തിയായവർ അവരുടെ ജീവിതത്തിൽ അവന്റെ മനോഭാവം പ്രദർശിപ്പിക്കണം.

### മുതിർന്ന വിശുദ്ധന്മാർക്ക്: തൃപ്തിയടഞ്ഞ സമർപ്പണത്തിന്റെ വെല്ലുവിളി

**(8:1-22; 9:6, 15-10:1, 17-25; 12:1-7, 19-25)**

ശമുവേലിന്റെ പിൽക്കാല ജീവിതത്തിൽ, അവന്റെ അർപ്പണ മനോഭാവവും സമർപ്പണവും കുറഞ്ഞിരുന്നില്ല. ഒരാളുടെ ജീവിതം പുറകോട്ടൊന്നു തിരിഞ്ഞു നോക്കിയാൽ തൃപ്തികരമായതാണോ എന്നു അവസാന കാലത്താണ് മനസ്സിലാവുക. ചിലർ തങ്ങളുടെ ഭൗമികജീവിതത്തിലെ കഴിഞ്ഞ കാലസംഭവങ്ങളിലേക്കു തിരിഞ്ഞു നോക്കി ദുഃഖിക്കാറുണ്ട്, പക്ഷെ ശമുവേലിന്റെ കാര്യത്തിൽ അങ്ങനെയായിരുന്നില്ല. ശമുവേലിന്റെ ജീവിതം വൃഥാവായിരുന്നില്ല, അവനു തന്റെ ഭൂതകാലം ആശ്വാസവും തൃപ്തിയും നല്കുന്നതായിരുന്നു.

ഒന്നാമത്, ശമുവേൽ ജീവിതത്തിൽ എല്ലാം ദൈവഭക്തനായി ജീവിച്ചതുകൊണ്ട് അവൻ തൃപ്തനായിരുന്നു. ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം അവൻ തന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്കു കാണിച്ചുകൊടുത്തു (8:1–15). കുറ്റമുണ്ടായിരുന്നതു അവന്റെ മക്കളിലായിരുന്നു, പക്ഷെ അവനെ ഏലിയുടേതുപോലെ അതിനു കുറ്റപ്പെടുത്തിയില്ലായിരുന്നു (2:29; 3:13). അന്നു ജീവിച്ചിരുന്നവർ പോലും അവന്റെ മക്കളുടെ തെറ്റിനോ അവരെ വളർത്തിയതിനോ ശമുവേലിനെ കുറ്റപ്പെടുത്തിയില്ല. എന്തുകൊണ്ട്? അവരുടെ തെറ്റുകൾക്ക് ശമുവേൽ മാപ്പു കൊടുത്തിരുന്നില്ല എന്നു സ്പഷ്ടം (12:2). ചിലർ പറയുന്നത് ശമുവേൽ തന്റെ മക്കളെ പൊതു പ്രവർത്തനങ്ങളിൽനിന്നും "മറ്റുള്ളവരിൽ" നിന്നും മാറ്റി നിർത്തിയിരുന്നു എന്നാണ്. മൂപ്പന്മാർ വന്നപ്പോൾ, ശമുവേലിന്റെ ആത്മാർത്ഥതയെ അവർ ചോദ്യം ചെയ്യാതെ അവന്റെ സമർപ്പണത്തെ സമ്മതിക്കയാണുണ്ടായത്. ചിലർ പ്രായമാകുമ്പോൾ, വർഷങ്ങളോളം പിടിച്ചിരുന്ന മൂല്യങ്ങളിൽനിന്നു പിന്തിരിയുന്നതായി കാണാറുണ്ട്. ആ സമയത്ത് വിമർശനങ്ങൾ ഒഴിവാക്കുകയും തെറ്റുകളെ മൃദുവായി ഇടപെടുകയും ചെയ്യും, പ്രത്യേകിച്ചു അത് സ്വന്തം കുടുംബ

ത്തിലുള്ളതാണെങ്കിൽ. പക്ഷെ ശമുവേലിന്റെ കാര്യത്തിൽ അങ്ങനെയായിരുന്നില്ല! അവൻ ഉറച്ചു തന്നെ നിന്നിരുന്നു (സങ്കീർത്തനങ്ങൾ 92:12–15; ഹൊശേയ 12:6; എബ്രായർ 10:23).

രണ്ടാമത്, അവൻ തൃപ്തിപ്പെടുവാൻ കാരണം അവന്നു യഹോവയോടു ജ്വലിക്കുന്ന അത്യുൽസാഹമാണുണ്ടായിരുന്നത് (8:6). യിസ്രായേൽ ഒരു രാജാവിനെ ആവശ്യപ്പെട്ടതു അന്യദേവന്മാരെ ആരാധിച്ചിരുന്ന അയൽദേശക്കാരുടെ അഭിരുചി പോലെയായിരുന്നു. ശമുവേലിനു അതു "അനിഷ്ടമായിരുന്നു." എബ്രായ പദത്തിൽ നിന്നു വന്ന ആ വാക്ക് അർത്ഥമാക്കുന്നത് വികാരം വൃണപ്പെടുക, ദേഷ്യപ്പെടുക, വിദ്വേഷമുണ്ടാകുക എന്നുമാണ്. ശമുവേൽ ആവശ്യം കേട്ടപ്പോൾ, അവൻ ആവേശമുള്ളവനായി. അവന്റെ വികാരങ്ങൾ വൃണപ്പെട്ടു, അതു അവന്റെ മക്കളെക്കുറിച്ചുള്ള ആരോപണം നിമിത്തമോ അവൻ പ്രായാധികൃത്തിലായി എന്നതുകൊണ്ടോ അല്ല, പിന്നെയോ യിസ്രായേൽ ദൈവത്തെ ത്യജിച്ചതുകൊണ്ടാണ്! ഒന്നു ശമുവേൽ 10:17–25 വരെ ശമുവേലിനുണ്ടായ അഗാധ ദുഃഖത്തെ വെളിപ്പെടുത്തുന്നു. പ്രതികൂലങ്ങളിലും ശമുവേൽ ദൈവത്തിന്റെ ആദരവിനായി നിലനിന്നു. പ്രായം അവനെ നിശ്ശബ്ദനാക്കിയില്ല, അല്ലെങ്കിൽ നിരുത്സാഹത്താൽ അവന്റെ മനോഭാവത്തെ കെടുത്തുവാൻ പ്രായം അനുവദിച്ചില്ല. സമർപ്പണം സർവ്വശക്തനോടുള്ള അത്യുൽസാഹം പോലെ മറ്റൊന്നും ആകുകയില്ല (സങ്കീർത്തനങ്ങൾ 71:9; ഫിലേമോൻ 9).

മൂന്നാമത്, ശമുവേലിനു തൃപ്തിപ്പെടുവാൻ കഴിഞ്ഞത് അവന്റെ ജീവചരിത്രം നിമിത്തമായിരുന്നു (9:6). അവന്റെ പേർ ആഹ്ലാദവും ഉറപ്പും കൊണ്ടുവന്നു. അവൻ "ദൈവപുരുഷൻ" ആയി അറിയപ്പെട്ടിരുന്നു. പിൽക്കാലത്തു ബഹുമതി ലഭിക്കത്തക്കവണ്ണമാണ് അവൻ തന്റെ ആദ്യകാലങ്ങളിൽ ജീവിച്ചത്. ഇതാ എല്ലാവർക്കും ലഭിക്കുവാൻ പരിശ്രമിക്കേണ്ട, മനോഹരമായ ഒരു പ്രശംസ. നമ്മുടെ ഈ ആധുനിക കാലയളവിൽ, നാം ഉയർന്ന ബഹുമാനമുള്ളവരാണോ? (1 ദിനവൃത്താന്തം 29:28; സദൃശവാക്യങ്ങൾ 16:31).

നാലാമത്, മടിയുള്ളവരെ ദൈവത്തെ സേവിക്കുവാൻ സഹായിച്ചു പ്രോൽസാഹിപ്പിച്ചതുകൊണ്ട് അവനു തൃപ്തിപ്പെടുവാൻ കഴിഞ്ഞു (9:20, 21). ഏതാണ്ട് എഴുപതു വർഷത്തോളം, ദൈവമാണ് യിസ്രായേലിന്റെ രാജാവെന്നു തിരിച്ചറിഞ്ഞ് അവനെ സേവിക്കേണ്ടതിന് യിസ്രായേലിനെ ദൈവത്തിലേക്കു മടക്കിവരുത്തുന്നതിൽ അവൻ തന്നെത്താൻ സമർപ്പിച്ചു. ഇപ്പോൾ അവൻ ആ ചലനദിശ മതിയാക്കി എതിർ ദിശയിൽ സഞ്ചരിക്കണം! അത് അവന്റെ നല്ല തീരുമാനത്തിനെതിരാണ്. അവൻ വൃദ്ധനായി കാര്യങ്ങളെല്ലാം തന്റെ വരുതിയിലുമാണ്; സംശയം കൂടാതെ നല്ല ദിശ അവന് അറിയാമായിരുന്നു, എങ്കിലും അവനു മാറേണ്ടി വന്നു! (8:22). പുതിയ രാജവാഴ്ചയെ ഏറ്റവും കൂടുതൽ സമർപ്പണത്തോടെ പ്രോൽസാഹിപ്പിക്കുവാൻ കഴിവുള്ളവനുമായിരുന്നു ശമുവേൽ. അതിന്റെ രൂപീകരണത്തിനു അവൻ സംഘടിപ്പിക്കയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഈ പ്രവൃത്തികളാണ് ശമുവേലിനെ ഒരു തികഞ്ഞ നായകനായി തിരിച്ചറിയുമാറാക്കിയത്! അവൻ ശൗലിനെ എടുത്ത് പ്രോൽസാഹിപ്പിക്കയും, നയിക്കയും, ആലോചന നല്കുകയും ചെയ്തു. ശൗൽ ഏറ്റവും വലിയ രാജാവാകുവാൻ ശമുവേൽ കാരണമായി. നാം എന്തിനെങ്കിലും നിർബ്ബന്ധിതരാകുമ്പോൾ, അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, നമ്മുടെ അഭിപ്രായത്തിനെതിരായി കാര്യങ്ങൾ

നീങ്ങുമ്പോൾ, എന്താണ് വാസ്തവത്തിൽ സംഭവിക്കുന്നത്? ആ മാറ്റത്തി നെതിരായി പ്രവർത്തിക്കുവാൻ നാം പരീക്ഷിക്കപ്പെടും, അങ്ങനെ നാം ചെയ്യേണ്ടി വന്നാൽ, പിറുപിറുപ്പോടെയും അനിഷ്ടത്തോടെയും ആയിരിക്കും ചെയ്യുക. ഇത്തരം സാഹചര്യം നേരിടുമ്പോൾ, ശമുവേലിന് പ്രായമായപ്പോൾ ഉണ്ടായ സംതൃപ്തിയെ കുറിച്ചു ചിന്തിക്കുക, പിന്നെ മാറി, ദൈവജനത്തെ എല്ലാരീതിയിലും സഹായിക്കുക! (1 കൊരിന്ത്യർ 9:19–23; പ്രവൃത്തികൾ 10:14). വിശ്വസ്തനായ ഒരു വിശുദ്ധന്റെ മനോഭാവം അതായിരിക്കും (ഫിലിപ്പിയർ 2:3, 4).

അഞ്ചാമത്, ശമുവേലിനു തന്റെ ജീവിതം മുഴുവൻ ദൈവത്തിനു വേണ്ടി ചെലവിടുവാൻ യാതൊരു വിഷമവുമില്ലാത്തതുകൊണ്ട് അവനു തൃപ്തി പ്പെടുവാൻ കഴിഞ്ഞു. 12:1–7–ൽ, ശമുവേൽ തന്റെ ജീവിതത്തെ പുനരവ ലോകനം നടത്തുന്നുണ്ട്. സന്നിഹിതരായ എല്ലാവർക്കും അതറിയുവാൻ കഴിഞ്ഞു (12:2). അവന്റെ ജോലി കറ പുരളാത്തതും ദൈവത്തെ ആദരി ക്കുന്നതും ആയിരുന്നു. വ്യത്യസ്തമായി അവൻ ഒന്നും ചെയ്തില്ല. ഒരാൾ തന്റെ ജീവിതത്തെ വീക്ഷിച്ചു തിരുത്തുവാനായി തെറ്റുകളൊന്നും കാണാ തിരുന്നാൽ അയാൾ എത്ര ഭാഗ്യവാനാണ്! കർത്താവിനോടു സമർപ്പിക്ക പ്പെടുന്നതിനും ഏൽപ്പിക്കപ്പെടുന്നതിനും ഫലമായി ലഭിക്കുന്ന അനുഗ്രഹം അതാണ് (2 തിമൊഥെയോസ് 4:6, 7).

### മരണത്തിൽ:
### പ്രയോജനകരമായ സമർപ്പണത്തിന്റെ വെല്ലുവിളി
### (25:1; 28:12-19)

അവന്റെ മരണത്തിൽ, ശമുവേൽ കഠിന വേദനയുള്ളവനായി. അവന്റെ ജീവിതം ഭയങ്കരമായ ആഘാതം ഉണ്ടാക്കി. ''യിസ്രായേൽ മുഴുവനും'' കരഞ്ഞു (25:1; ഉൽപത്തി 15:15).

ശൗൽ വെളിച്ചപ്പാടത്തിയുടെ അടുക്കൽ പ്രശ്നത്തിനായി പോയത് ശമു വേലിന്റെ മരണത്തെ കുറിച്ച് ഈ വിവരങ്ങൾ വെളിപ്പെടുത്തുന്നു (28:12–19): അവൻ തന്റെ സ്വസ്ഥത “ആസ്വദിക്കയായിരുന്നു” (28:15); അവന്റെ ഓർമ്മ യിൽ ബഹുമാനവും ആദരവും ഉണ്ടായിരുന്നു (28:15); ശമുവേൽ തന്റെ മര ണശേഷവും സമർപ്പണം അപേക്ഷിക്കുകയായിരുന്നു (28:18, 19).

ശമുവേൽ ചെയ്തതുപോലെ മരിച്ചവർക്കു ജീവനുള്ളവരുമായി ആശ യവിനിമയം നടത്തുവാൻ സാധ്യമല്ലെങ്കിലും, അവർ ശമുവേൽ ജീവിച്ചതു പോലെ ജീവിച്ചാൽ അവരുടെ അന്തിമ സ്ഥാനത്തെ സംബന്ധിച്ച് നമുക്ക് ഉറപ്പുണ്ട്. ദൈവത്തോടു ഭക്തിയുണ്ടെങ്കിൽ ഈ ലോകജീവിതം അവസാ നിപ്പിച്ചവർ നിത്യമായ സ്വസ്ഥതയിൽ പ്രവേശിക്കും (വെളിപ്പാട് 14:13). വിശു ദ്ധന്മാരുടെ ഓർമ്മ ബഹുമാനവും ഭയങ്കരവുമായിരിക്കും (എബ്രായർ 12:1; 13:7). വേർപെട്ടുപോയ വിശുദ്ധന്മാർ, അവരുടെ ഈ ഭൂമിയിലെ പ്രസ്താവ നകളാൽ, നമ്മെ യഹോവയായ ദൈവത്തിൽ സമർപ്പിക്കപ്പെടുവാൻ പ്രചോ ദിപ്പിക്കുന്നു.

### ഉപസംഹാരം

ശമുവേലിനെ കുറിച്ചു നിങ്ങൾ എന്തു വിചാരിക്കുന്നു? അവന്റെ ജീവിതം പ്രിയങ്കരമായിരുന്നു. ഒരു കുട്ടിയായിരുന്നപ്പോൾ, അവൻ ദൈവ

ശുശ്രൂഷക്കായി സമർപ്പിക്കപ്പെടുവാൻ താല്പര്യമുള്ളവനായിരുന്നു. പ്രായ പൂർത്തിയായപ്പോൾ സത്യം മുറുകെ പിടിക്കുന്നതിലും, യിസ്രായേലിന്റെ തെറ്റുകൾ പുറത്തുകൊണ്ടുവരുന്നതിലും, അവരെ ദൈവത്തിലേക്കു മടക്കി വരുത്തുന്നതിലും പതറാതെ അവൻ തന്നെത്താൻ ദൈവശുശ്രൂഷയിൽ സമർപ്പിച്ചു. മുതിർന്ന പൗരനായപ്പോൾ, പ്രായമാകുകയും തലനരക്കുകയും, അവൻ തൃപ്തനാകുകയും ചെയ്തു. വേർപ്പെട്ടു പോകുന്ന ഒരു വിശുദ്ധ നായ അവന്റെ സമർപ്പണം ഉദ്ദേശത്തിന്റേയും, ബഹുമാനത്തിന്റേയും, വിശ്ര മത്തിന്റേയും പ്രതിഫലം ലഭിക്കുന്നതാകുന്നു.

അവന്റെ സമർപ്പണം ശമുവേലിനെ കുറ്റപ്പെടുത്താനാവാത്തത്ര നിർമ്മ ലനാകുവാനും തന്റെ സമപ്രായക്കാരേക്കാൾ ഉയരുവാനും സഹായകമാക്കി. യിസ്രായേൽ സമൂഹത്തിന് അവൻ നൽകിയ വിശുദ്ധ സ്വഭാവം യിസ്രായേ ലിന്റെ ധാർമ്മിക അധഃപ്പതനത്തിനു തടയിടുവാനും ദാവീദ് രാജാവിൽകൂടെ മശിഹ വരുന്നതിനു അടിത്തറ പാകുകയും ചെയ്തു. നിങ്ങൾ ജീവിത ത്തിന്റെ ഏതു ദിശയിലാണെങ്കിലും, ശമുവേലിന്റെ ജീവിതം നിങ്ങളെ ദൈവ ത്തിലേക്കു സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു (12:24). തൊട്ടിലിൽ ശിശു വായിരിക്കുമ്പോൾ മുതൽ മുതിർന്ന വിശുദ്ധന്റെ കല്ലറ വരെ, യഹോവക്കു സമർപ്പിക്കപ്പെടുന്നതിനു എല്ലായ്പ്പോഴും പ്രതിഫലമുണ്ടെന്ന് അവൻ നമ്മെ തെളിയിച്ചു കാണിക്കുന്നു! (യെശയ്യാവു 46:3, 4).

അതിനുശേഷം യെഹൂദന്മാർ തങ്ങളുടെ ചെമ്മരിയാടുകളെ പത്തിലൊ ന്നിനെ വീതം തിരഞ്ഞെടുക്കുന്ന രീതിയുണ്ടായിരുന്നു. കുഞ്ഞാടുകളെ തള്ളയിൽനിന്നു മാറ്റി പുറത്തേക്കു പോകുവാൻ ഒരു ഇടുങ്ങിയ വാതിൽ മാത്രമുള്ള കൂട്ടിലാക്കും. തള്ളയാടുകൾ വാതിൽക്കൽ വന്നു നില്ക്കും. വാതിൽക്കൽ ഒരാൾ നിന്നു ഒരു വടി കാവിമണ്ണിൽ കുത്തി ഓരോ പത്തി ലൊന്നിന്മേലും അടയാളപ്പെടുത്തി പറയും, "ഇതു വിശുദ്ധമായിരിക്കട്ടെ." ഈ ഒരു രൂപമാണ് യെഹസ്കേൽ ഉപയോഗിച്ചത്: "മാടാകട്ടെ ആടാകട്ടെ, കോലിൻ കീഴെ കടന്നു പോകുന്ന എല്ലാറ്റിലും, പത്തിലൊന്നു യഹോവക്കു വിശുദ്ധമായിരിക്കേണം" (ഒ.വാ. ലേവ്യാപുസ്തകം 27:32; യിരെമ്യാവു 33:13). ശമുവേൽ – "വിശുദ്ധൻ" ആയിരുന്നതു പോലെ അവ എല്ലാം "കോലിൻ കീഴെ കടന്നു പോയി" എന്നു എല്ലാവരും തിരിച്ചറിയണം.